"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളുടെ പ്രവർത്തനം - അലോട്ട്മെന്റുകൾ അധികൃതമാക്കുന്നതിനും ജോയിന്റ് അക്കൗണ്ടുകൾ നിയന്ത്രിക്കുന്നതിനും ക്രമീകരണം ഏർപ്പെടുത്തി ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**G.O.(Rt)No.2171/2020/LSGD** തീയതി,തിരുവനന്തപുരം, 19/11/2020

പരാമർശം:- 1 സ.ഉ.(അച്ചടി) നം.66/2020/തസ്വഭവ. തീയതി 9/11/2020
2 സ.ഉ.(അച്ചടി) നം.67/2020/തസ്വഭവ. തീയതി 9/11/2020
3 സ.ഉ.(സാധാ) നം.2146/2020/തസ്വഭവ. തീയതി 13/11/2020
4 സ.ഉ.(കൈ) നം.179/2020/തസ്വഭവ. തീയതി 12/11/2020

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളുടെ/മുനിസിപ്പാലിറ്റികളുടെ കാലാവധി അവസാനിക്കുന്ന തീയതി മുതൽ ഭരണം മുന്നോട്ട് കൊണ്ടുപോകുന്നതിനായി മൂന്നു സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. 2011 -ലെ പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 34 (1) പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകുന്ന അലോട്ട്മെന്റ് പ്രസിഡന്റ് അധികൃതമാക്കണമെന്ന വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ, പ്രസിഡന്റ് പദവി ഇപ്പോൾ നിലവിലില്ലാത്തതിനാൽ ഗ്രാമ പഞ്ചായത്തുകളിൽ സ്വീകരിക്കേണ്ട നടപടി ക്രമം സംബന്ധിച്ച മാർഗ്ഗ നിർദേശങ്ങൾ പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും കോർപറേഷനുകളിലും ഈ പ്രശ്നം നിലനിൽക്കുന്നതിനായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു.

1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ നിലവിലുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റികളിലെ അംഗങ്ങൾ കൂടി ആലോചിച്ച് തദ്ദേശ സ്ഥാപന സെക്രട്ടറിയെ ഒഴിവാക്കി മറ്റു രണ്ടു പേരിൽനിന്നും ഒരംഗത്തെ തെരഞ്ഞെടുക്കുകയും, ആ അംഗം ഭരണ നിർവഹണ കമ്മിറ്റികൾക്ക് പരാമർശം (4) ഉത്തരവ് പ്രകാരം നല്കിയിട്ടുള്ള അധികാരങ്ങൾക്കുള്ളിൽ നിന്ന് കൊണ്ട് ആ തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷന്റെ ചുമതലകൾ നിർവഹിക്കേണ്ടതുമാണ്.
2. ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളിലെയും നഗരസഭകളിലെയും ഭരണ നിർവഹണ കമ്മിറ്റികൾ കൂടി ആലോചിച്ച് സെക്രട്ടറിയെ ഒഴിവാക്കി മറ്റു രണ്ടു പേരിൽനിന്നും ഒരംഗത്തെ തെരഞ്ഞെടുക്കുകയും ആ അംഗത്തെ അലോട്ട്മെന്റുകൾ അധികൃതമാക്കുന്നതിന്

ചുമതലപ്പെടുത്തുകയും ചെയ്യേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ലോഗിൻ നൽകുന്നതിന് IKM നടപടി സ്വീകരിക്കേണ്ടതാണ്.

3. തദ്ദേശ സ്ഥാപന അദ്ധ്യക്ഷനും ആശുപത്രി അധികാരികളും കൂടിച്ചേർന്ന് നിയന്ത്രിക്കുന്ന ജോയിന്റ് അക്കൗണ്ടുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് അദ്ധ്യക്ഷന്റെ സ്ഥാനത്ത് ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപന സെക്രട്ടറിയെ ഉൾപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**SARADA MURALEEDHARAN IAS**
**PRINCIPAL SECRETARY**

പകർപ്പ്

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ.& ഇ) തിരുവനന്തപുരം
സ്റ്റോക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signature Not Verified
Digitally signed by Pradeesh Kumar M K
Date: 2020.11.19 16:17:05 IST
Reason: Approved

സെക്ഷൻ ഓഫീസർ